# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3819 | 15.05.2017-ന് മറുപടിയ്ക്ക് |
|---|---|

**തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള സ്ഥലവില നിശ്ചയിച്ചതിൽ ക്രമക്കേട്**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി അക്വയർ ചെയ്യുന്നതിനുള്ള സ്ഥലം നിശ്ചയിച്ചതിലും വില നിശ്ചയിച്ചതിലും ക്രമക്കേടു നടന്നിട്ടുണ്ടെന്നു കാണിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽ നിന്നും 17 ഏക്കർ 21 സെന്റ് ഭൂമി ഏറ്റെടുക്കുവാൻ 17.02.2016 തീയതിയിൽ ജില്ലാതല വില നിർണ്ണയ സമിതി യോഗം ചേർന്ന് എസ്.എൽ.ഇ.സിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാതല വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് കാണിച്ചു കൊണ്ട് ബെഞ്ച് മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റ് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷ റിപ്പോർട്ടിനായി ജില്ലാ കളക്ടർക്ക് അയച്ചു കൊടുക്കുകയുമുണ്ടായി. ബെഞ്ച്മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ഭൂമി സംബന്ധിച്ച റിപ്പോർട്ട് അയച്ചുതരുവാൻ മലപ്പുറം ജില്ലാകളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അർത്ഥനാധികാരിയായ മലയാളം സർവ്വകലാശാല വി.സി സാങ്കേതിക സമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്.എൽ.ഇ,സി പ്രൊപോസൽ അയച്ചതു പ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് അറിയിക്കുകയുമുണ്ടായി. |
| (ബി) | ഭൂഉടമകളെ ഒഴിവാക്കി നിർത്തി ഭൂമി ബ്രോക്കർമാരുമായി ചേർന്നാണ് യഥാർത്ഥ വിലയിലും ഉയർന്നവില ശുപാർശ ചെയ്തതെന്ന ആക്ഷേപം അന്വേഷിച്ചിട്ടുണ്ടോ; | (ബി) | അന്വേഷിച്ചിട്ടില്ല. |
| (സി) | ചതുപ്പും കണ്ടൽച്ചെടികളും നിറഞ്ഞ പ്രദേശമാണ് ജില്ലാഭരണകൂടം ശുപാർശ ചെയ്തതെന്നും പാരിസ്ഥിതിക പ്രത്യാഘാതം എന്താണെന്ന് പരിശോധിക്കാതെയും കേന്ദ്ര സർക്കാരിന്റെ ഭൂമി ഏറ്റെടുക്കൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയുമാണ് ഭൂമി നിർദ്ദേശിച്ച | (സി) | മലപ്പുറം ജില്ലയിൽ വെട്ടം വില്ലേജിൽ സർവ്വേ നം. 313/1 ബി, 313/3 ബി, 313/4 ബി, 313/5, 313/6, 313/7, 313/8 ബി, 313/9, 315/1, 315/2, 315/3, 316/6, 316/9, 316/11, 340/5, 341/1, 341/2, 341/3, 341/4, 341/5, 341/6, 316/10-ൽ ഉൾപ്പെട്ട 17 ഏക്കർ 21 സെന്റ് സ്ഥലം തുഞ്ചത്തെഴുത്തച്ഛൻ മലയാള |

| | |
|---|---|
| തെന്നുമുള്ള ആവലാതി ഉൾപ്പെടെയുള്ളവ അന്വേഷിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുമോ? | സർവ്വകലാശാല ആസ്ഥാനം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് മലയാള സർവ്വകലാശാല വി.സി 17/12/2014-ൽ സമർപ്പിച്ച അപേക്ഷ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സഹിതം സമർപ്പിക്കുകയുണ്ടായി. അപേക്ഷയിലെ ആവശ്യം പൊതു ആവശ്യമായതിനാൽ മേൽ സ്ഥലത്തെ തണ്ണീർത്തടങ്ങളും ജലാശയങ്ങളും കണ്ടൽക്കാടുകളും നിലവിലുള്ളതുപോലെ നിലനിർത്തിക്കൊണ്ട് നീരൊഴുക്കിനെ ബാധിക്കാത്ത തരത്തിൽ പരിവർത്തനം നടത്തണമെന്ന വ്യവസ്ഥയോടെ നികത്തുന്നതിന് അനുമതി നല്കിയിട്ടുള്ളതാണ്. എന്നിരുന്നാലും ലാന്റ് അക്വിസിഷൻ ഓഫീസർ നടപടികൾ പൂർത്തീകരിച്ച് ശുപാർശ സമർപ്പിക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള LARR ആക്റ്റ്, 2013-ലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം ബഹു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ SLEC-SLMC കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ